## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 22.01.2025 മുതൽ 26.01.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 03/2025 (6) ചൊവ്വാഴ്ച | തീയ്യതി 21/01/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 22.01.2025 | 23.01.2025 | 24.01.2025 | 25.01.2025 | 26.01.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0.1 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 78 | 78 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 58 | 58 | 58 | 58 | 58 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 250 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 4 | 4 | 5 | 3 | 4 |

കാലാവസ്ഥാ അറിയിപ്പ്:- പൊതുവെ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദേശങ്ങൾ:-** കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) പാലുറച്ച പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 20 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| നെല്ല് (പുഞ്ച ) ഞാറു പരുവം | ഇലപ്പേനുകൾ | പാടത്തു വെള്ളം കെട്ടിനിർത്തി ഇലപ്പേനുകളെ ഒരു പരിധിവരെ നിയന്ത്രിക്കാം. കീടാക്രമണം രൂക്ഷമായാൽ തയാമെതോക്സാം 25 WG 2 ഗ്രാം പത്തുലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| വാഴ | തടപ്പുഴു | നാമ്പോലക്കു ചുറ്റുമുള്ള നാല് ഇളക്കവിളുകളിൽ മിത്രനിമാവിരകൾ അടങ്ങിയ കഡാവറുകൾ നിക്ഷേപിക്കുക. |
| ഇഞ്ചി | പരിപാലനം | ഫെബ്രുവരി-മാർച്ച്മാസമാകുമ്പോൾ കൃഷിസ്ഥലം കിളച്ച് – ഉഴുതുവൃത്തിയാക്കി കുമ്മായം ഇടുക. ആവശ്യാനുസരണം നീളത്തിൽ ഒരു മീറ്റർ വീതിയിൽ 25 സെ.മീ. ഉയരത്തിൽ ബെഡ്ഡുകൾ എടുക്കുക. ബെഡ്ഡുകൾ തമ്മിൽ 40 സെ.മീ. അകലംകൊടുക്കുക. വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ചാലുകളും എടുക്കുക. ജലസേചിത വിളയ്ക്ക് ഏറ്റവും നല്ല നടീൽ സമയം ഫെബ്രുവരി പകുതിയോടെയാണ്.മഴയെ ആശ്രയിച്ചുള്ള കൃഷിയാണെങ്കിൽ ഏപ്രിൽ ആദ്യ രണ്ടു ആഴ്ചകളാണ്നടീലിനു ഉത്തമം. |

മൃഗസംരക്ഷണം:- അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് പശുക്കൾക്ക് സാംക്രമിക രോഗങ്ങൾ ക്കെതിരെയുള്ള കുത്തിവെയ്പുകൾ നൽകുക. കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധയേൽക്കാതെ സൂക്ഷിക്കുക. (CAADECCS KVASU, Mannuthy)